23.	ഇലക്ട്രിക്കൽ സെക്ഷൻ, ചോയ്യങ്കോട്	5000
24.	ഇലക്ട്രിക്കൽ സെക്ഷൻ, തൃക്കരിപ്പൂർ	6750
25.	ഇലക്ട്രിക്കൽ സെക്ഷൻ, പടന്ന	9600
26.	ഇലക്ട്രിക്കൽ സെക്ഷൻ, കയ്യൂർ	2600
27.	ഇലക്ട്രിക്കൽ സെക്ഷൻ, പിലിക്കോട്	3251
28.	ഇലക്ട്രിക്കൽ സെക്ഷൻ, പെർള	വാടക നിശ്ചയിച്ചിട്ടില്ല.
29.	ഇലക്ട്രിക്കൽ സെക്ഷൻ, പടന്നക്കാട്	വാടക നിശ്ചയിച്ചിട്ടില്ല.
30.	ഇലക്ട്രിക്കൽ സെക്ഷൻ, പെരിയ ബസാർ	വാടക നിശ്ചയിച്ചിട്ടില്ല.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അവിടങ്ങളിൽ സ്വന്തം ചെലവിൽ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കൊണ്ടോട്ടി, പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിഭജനം

43 (4034) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ഉപഭോക്താക്കളുടെ എണ്ണം അധികമാണ് എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവർത്തന സൗകര്യം കണക്കിലെടുത്ത് ഈ രണ്ട് സെക്ഷനുകളെയും വിഭജിച്ച് ഐക്കരപ്പടി, കൊളത്തൂർ എന്നീ രണ്ട് പുതിയ സെക്ഷനുകൾ കൂടി ആരംഭിക്കണം എന്ന ആവശ്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഏകദേശം 40 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കൊണ്ടോട്ടി സെക്ഷന്റെ പരിധിയിൽ 24,400 ഉപഭോക്താക്കളും, ഏകദേശം 56 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പുളിക്കൽ സെക്ഷന്റെ പരിധിയിൽ 19114 ഉപഭോക്താക്കളുമാണ് ഇപ്പോഴുള്ളത്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20000 ഉപഭോക്താക്കൾ/ 100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കി ലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കൊണ്ടോട്ടി, പുളിക്കൽ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഐക്കരപ്പടി, കൊളത്തൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലില്ല എന്നാൽ ടി മാനദണ്ഡങ്ങൾക്കനുസൃതമായി ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്ന തിനനുസരിച്ച് സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

44 (4035) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും, എത്ര രൂപയുടെ വികസന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റതിന് ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly